"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം-ശ്രീമതി.രാജശ്രീ.ജി (അക്കൌണ്ടന്റ്, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്, മലപ്പുറം)-യുടെ കുടുംബശ്രീ സംസ്ഥാനമിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.2212/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/11/2020

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി)നം.580/2013/ധന

3 07.06.2018-ലെ സ.ഉ(സാധാ)നം.1556/2018/തസ്വഭവ

4 28.07.2019-ലെ സ.ഉ(സാധാ)നം.1617/2019/തസ്വഭവ

5 കുടുംബശ്രീ ഡയറക്ടറുടെ 18.06.2020-ലെ 6032/ഇ1/2018/ കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

<u>ഉത്തരവ്</u>

മലപ്പുറം അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ അക്കൌണ്ടന്റ് ആയ ശ്രീമതി.രാജശ്രീ.ജി-യെ പരാമർശം (3) ലെ സർക്കാർ ഉത്തരവു പ്രകാരം കുടുംബശ്രീ സംസ്ഥാന മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും തുടർന്ന് പരാമർശം (4) പ്രകാരം ടിയാളുടെ അന്യത്രസേവനം ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. ടിയാളുടെ അന്യത്ര സേവനകാലാവധി 11.06.2020ന് അവസാനിച്ചതായും 12.06.2020 മുതൽ ഒരു വർഷത്തേക്കു കൂടി അന്യത്രസേവനകാലം ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (5)-ലെ പ്രകാരം കുടുബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.രാജശ്രീ.ജി-യുടെ കുടുംബശ്രീ സംസ്ഥാന മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം(1) സർക്കുലറിലെയും പരാമർശം(2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 12.06.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

കുടുംബശ്രീ ഡയറക്ടർ,തിരുവനന്തപുരം

ശ്രീമതി.രാജശ്രീ.ജി (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ), കേരള

തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ